# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 01/ 11/ 2018

# റോഡ് സേഫ്റ്റി ക്ലബ്ബ്

## ആമുഖം -രൂപീകരണവും- പ്രവർത്തനവും

നമ്മുടെ സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ച് വരുകയാണ്. അപകടനിരക്ക് കൂടാൻ കാരണം ഡ്രൈവർമാരുടെ അശ്രദ്ധയും അമിതവേഗതയുമാണെങ്കിലും അതിൽ കാൽനടക്കാരുടെയും പൊതുജനങ്ങളുടേയും അജ്ഞതയും അശ്രദ്ധയും ഒരു നല്ല പങ്ക് വഹിക്കുന്നു എന്നത് വിസ്മരിക്കാവുന്നതല്ല.

പ്രായപൂർത്തിയായവരെ താരതമ്യം ചെയ്യുമ്പോൾ കുട്ടികൾ വളരെ കുറച്ച് അനുഭവസമ്പത്തുള്ളവരും എടുത്തുചാട്ട സ്വഭാവമുള്ളവരും ആണ്. അവർ റോഡ് ഉപയോഗിക്കുമ്പോൾ മിക്കപ്പോഴും വലിയവരുടെ നിയന്ത്രണത്തിൽ ആയിരിക്കില്ല. കുട്ടികൾ വീട്ടിൽ നിന്നും സ്കൂളിലേയ്ക്കും തിരിച്ചുള്ള യാത്രയിലും റോഡ് ഉപയോക്താക്കൾ ആണ്. ഈ യാത്ര കാൽനടനടയായോ വാഹനത്തിൽ സഞ്ചരിച്ചോ, സൈക്കിളിൾ സവാരി ചെയ്തോ ആവാം. ആയതിനാൽ ഇക്കൂട്ടർക്ക് സുരക്ഷിതമായി റോഡ് ഉപയോഗിക്കുന്നതിനും അപകടത്തിൽപ്പെടാതെ യാത്ര ചെയ്യുന്നതിനും വേണ്ടി റോഡ് സുരക്ഷിതമായി ഉപയോഗിക്കേണ്ടത് എങ്ങനെ എന്ന് അറിഞ്ഞിരിക്കേണ്ടതാണ്. ‘‘റോഡ് സുരക്ഷയിൽ’’ സ്കൂൾ തലം മുതൽ വിദ്യാർഥികളെ സ്വയം പര്യാപ്തരാകുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് കേരളാ പോലീസ് സ്കൂളുകളിൽ ‘‘ട്രാഫിക് ക്ലബ്ബ്’’ രൂപീകരിക്കുവാൻ തീരുമാനിച്ചത്.

‘‘Traffic Club’’ ലൂടെ വിദ്യാർത്ഥികൾക്കും റോഡ് സുരക്ഷാ ബോധവൽക്കരണവും പരിശീലനവും നൽകുന്നതിനും അവരിലൂടെ പൊതുജനങ്ങൾക്കും രക്ഷകർത്താക്കൾക്കും റോഡ് സുരക്ഷാ പാഠങ്ങൾ മനസ്സിലാക്കിക്കുക എന്ന രീതിയിലുള്ള പ്രവർത്തനമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

ഈ ലക്ഷ്യത്തിലേയ്ക്ക് ഭാവിയുടെ തലമുറയെ സജ്ജമാക്കനാണണ് കൊല്ലം സിറ്റി പോലീസ് സ്കൂൾ തലത്തിൽ ‘‘Traffic Club’’ രൂപീകരണം ആരംഭിച്ചുവരുന്നു.

**ഉദ്ദേശ്യലക്ഷ്യങ്ങൾ :**

1. സ്കൂൾതലത്തിൽ സമഗ്രമായ റോഡ് സുരക്ഷാവേദി രൂപീകരിക്കുക
2. സ്കൂൾ റോഡ് സംബന്ധമായ പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തുകയും പരിഹാരം കണ്ടെത്തുകയും ചെയ്യുക.
3. സ്കൂൾ തലത്തിൽ വിവിധ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
4. പുതുതലമുറയിൽ മാതൃകാപരമായ റോഡ് ഉപയോഗ സംസ്കാരം വളർത്തിയെടുക്കുക.
5. അദ്ധ്യാപക-രക്ഷാകതൃ സംഘടനയിൽ റോഡ് സുരക്ഷാ പ്രശ്നങ്ങളെകുറിച്ച് സംസാരിക്കുകയും രക്ഷാകർത്താക്കൾ കുട്ടികൾക്ക് നല്ല മാതൃകയായി തീരുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുക.

**Traffic Club ലെ അംഗങ്ങൾ :**

**(1) രക്ഷാധികാരി:** അതാത് സ്റ്റേഷൻ പരിധിയിലെ എസ്.എച്ച്.ഒ ആയിരിക്കും

**(2) ചെയർമാൻ:** അതാത് സ്കൂളിലെ പ്രിൻസിപ്പാൾ/ ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ്

**(3) റോഡ് സേഫ്റ്റി ഓഫീസർ:** സ്കൂൾ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്ത്വം നൽകുവാൻ സ്കൂൾ മാനേജ്മെന്റ് / പ്രിൻസിപ്പാൾ നിയമിക്കുന്ന അദ്ധ്യാപകൻ/ അദ്ധ്യാപിക.

**(4) അസിസ്റ്റന്റ് റോഡ് സേഫ്റ്റി ഓഫീസർ:** റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ റോഡ് സേഫ്റ്റി ഓഫീസറെ സഹായിക്കുന്നതിന് ട്രാഫിക്ക് ക്ലബ്ബിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളിൽ നിന്ന് ഒരാളെ അസിസ്റ്റന്റ് റോഡ് സേഫ്റ്റി ഓഫീസറായി നിയമിക്കണം.

**(5) Traffic Club Member :** ഓരോ ക്ലാസ്സിനെയും പ്രതിനിധീകരിച്ച് ഓരോ അംഗങ്ങൾ എന്ന രീതിയിൽ 40 അംഗങ്ങളെ ചേർത്ത് വേണം ക്ലബ്ബ് രൂപീകരിക്കാൻ 6-ാം ക്ലാസ്സ് മുതൽ 12 -ാം ക്ലാസ്സ് വരെയുള്ള കുട്ടികളെ ഇതിൽ ഉൾപ്പെടുത്തണം 1-ാം ക്ലാസ്സ് മപുതൽ 5-ാം ക്ലാസ്സു വരെ ഉൾപ്പെടുത്തി മറ്റൊരു ക്ലബ്ബ് രൂപീകരിക്കാവുന്നതാണ്. ഓരോ വർഷവും 1/3 ക്രമത്തിൽ പുതിയ അംഗങ്ങൾ ചേരുകയും പഴയവർ പുറത്ത് പോകുന്ന തരത്തിലാവണം അംഗങ്ങളുടെ പങ്കാളിത്ത്വം ക്രമപ്പെടുത്തേണ്ടത്. ഇതിലൂടെ ട്രാഫിക് ക്ലബ്ബിന്റെ അംഗങ്ങൾ ആകാൻ എല്ലാവർക്കും സാദ്ധ്യമാകുന്നതാണ്.

## Traffic Club ന്റെ ഘടന :

Kollam City Patron - in- Chief :-Kollam City Police Commissioner

Nodal officer in Charge in Kollam City:- Assistant Commissioner, District Crime Branch, Kollam City

Assistant Nodal officer of Traffic Club:- SI/ASI, District Crime Branch, Kollam City.

രക്ഷാധികാരി:- അതാത് സ്റ്റേഷൻ പരിധിയിലെ എസ്.എച്ച്.ഒ

ചെയർമാൻ- പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ്.

പി.റ്റി.എ പ്രതിനിധി

റോഡ് സേഫ്റ്റി ഓഫീസർ

അസി. റോഡ് സേഫ്റ്റി ഓഫീസർ

ക്ലബ്ബ് മെമ്പേഴ്സ്.

## Traffic Club പ്രവർത്തനങ്ങളും നടപ്പാക്കുന്ന രീതിയും

### ട്രാഫിക് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ

1. ട്രാഫിക് ക്ലബ്ബിലെ എല്ലാ അംഗങ്ങൾക്കും പോലീസിന്റെയും മറ്റ് റോഡ് സേഫ്റ്റി ഏജൻസീസിന്റെയും സഹായത്തോടെ പരിശീലനം നടത്തുക.
2. സ്കൂൾ റോഡ് സുരക്ഷാ വാർഷിക രൂപരേഖ തയ്യാറാക്കുക.
3. റോഡ് സുരക്ഷാ പാഠങ്ങൾ പഠിപ്പിക്കുക.
4. റോഡ് സുരക്ഷാ മത്സരങ്ങൾ സംഘടിപ്പിക്കുക.
5. സ്കൂൾ റോഡ് സുരക്ഷാ നോട്ടീസ്ബോർഡ് സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുക.
6. സ്കൂൾ റോഡ് സുരക്ഷാ പ്രതിമാസ വാർത്താക്കുറിപ്പ്, റോഡ് സുരക്ഷാ മാസിക എന്നിവ തയ്യാറാക്കുക.
7. റോഡ് സുരക്ഷാ സംബന്ധമായ പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുക

**1) പരിശീലനം**

പുതിയതായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പോലീസിന്റെ സഹായത്തോടെ പരിശീലനം നൽകുക. ഇങ്ങനെ പരിശീലനം ലഭിച്ചവരെ സ്കൂളിനകത്തെയും സ്കൂൾ കവാടത്തിലേയും ഗതാഗത നിയന്ത്രണത്തിനും മറ്റ് കുട്ടികളെ സ്കൂൾ വാഹനങ്ങളിൽ നിരയായി കയറ്റി വിടുന്നതിനും വേണ്ടി നിയോഗിക്കണം. റൊട്ടേഷൻ ബെയ്സിൽ ക്ലബ്ബിലെ എല്ലാ അംഗങ്ങളേയും ഇതിനായി ഉപയോഗപ്പെടുത്തണം.

**2) ട്രാഫിക് ക്ലബ്ബ് വാർഷിക രൂപരേഖ**

റോഡ് സേഫ്റ്റി ഓഫീസറുടെ സഹായത്തോടെ അസി. റോഡ് സേഫ്റ്റി ഓഫീസർ ട്രാഫിക് ക്ലബ്ബിന്റെ ഒരു വർഷത്തെ പ്രവർത്തനത്തിന്റെ രൂപ രേഖകൾ തയ്യാറാക്കണം.

ഓരോ മാസത്തേയും ട്രാഫിക് ക്ലബ്ബിന്റെ പ്രവർത്തനം മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന്റെ തീയതി, ട്രാഫിക് നിയന്ത്രിക്കുന്നവരുടെ റൊട്ടേഷൻ ബെയ്സ് ലിസ്റ്റ്, സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ പരിപാടി അവതരിപ്പിക്കുന്ന വരുടെ പേര് വിവരങ്ങൾ, അവതരിപ്പിക്കേണ്ട വിഷയങ്ങൾ ട്രാഫിക് ക്ലബ്ബിന്റെ മീറ്റിങ്ങ് കൂടുന്ന തീയതികൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കി അതാത് സ്കൂൾ മേലധികാരി മുഖാന്തിരം ചീഫ് നോഡൽ ഓഫീസർക്ക് സ്കൂൾ വർഷാരംഭത്തിൽ തന്നെ നൽകണം.

**3) റോഡ് സുരക്ഷാ ക്ലാസ്സുകൾ**

തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് റോഡ് സുരക്ഷാ ക്ലാസ്സുകൾ സംഘടിപ്പിക്കുക ഇത്തരം ക്ലാസ്സിൽ പങ്കെടുത്തവരെ ഉപയോഗിച്ച് സ്കൂളിലെ ഓരോ ക്ലാസ്സിലും പ്രത്യേകം ക്ലാസ്സുകൾ നടത്തുക. വിദ്യാർഥികളിലെ അച്ചടക്കവും റോഡ് സംസ്കാരവും വളർത്തിയെടുക്കുന്നതിന് വേണ്ടിയുള്ള ക്ലാസ്സുകൾ നിരന്തരം സംഘടിപ്പിക്കുക.

**4) ട്രാഫിക് ക്ലബ്ബ് മത്സരങ്ങൾ സംഘടിപ്പിക്കുക**

താഴെ പറയുന്ന വിഷയങ്ങളെ ആസ്പദമാക്കി സ്കൂൾ തലത്തിൽ വാർഷിക രൂപരേഖ പ്രകാരമുള്ള തീയതികളിൽ മത്സരങ്ങൾ സംഘടിപ്പിക്കുക.

**മേഖലകൾ**

a) റോഡ് സുരക്ഷ ഉപന്യാസം
b) റോഡ് സുരക്ഷ കവിതകൾ
c) റോഡ് സുരക്ഷ മിമിക്രി
d) റോഡ് സുരക്ഷ ചിത്രരചന
e) റോഡ് സുരക്ഷ കാർട്ടൂൺ
f) റോഡ് സുരക്ഷ സെമിനാർ
g) റോഡ് സുരക്ഷ ക്ലേ മോഡലിംഗ്
h) റോഡ് സുരക്ഷ ക്വീസ്സ്
i) റോഡ് സുരക്ഷ പ്രസംഗങ്ങൾ
j) റോഡ് സുരക്ഷ നാടകം
k) റോഡ് സുരക്ഷ പോസ്റ്റർ രചന
l) റോഡ് സുരക്ഷ എക്സിബിഷൻ.

**5)ട്രാഫിക് ക്ലബ്ബ് നോട്ടീസ് ബോർഡ്**

സ്കൂൾ അധികാരികളുടെ അനുവാദത്തോടെ എല്ലാവരും കാണുന്ന പ്രധാനപ്പെട്ട സ്ഥലത്ത് ട്രാഫിക് ക്ലബ്ബ് നോട്ടീസ് ബോർഡ് സ്ഥാപിക്കുക.

**താഴെ പറയുന്ന കാര്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക.**

a) Traffic Club ന്റെ അംഗങ്ങളുടെ പേരും വിവരവും
b) റോഡ് സേഫ്റ്റി വിവരങ്ങൾ
c) Road Safety Slogans
d) Road Safety ലഘുലേഖകൾ, പോസ്റ്ററുകൾ
e) ഓരോമാസത്തെ മത്സരങ്ങളും വിജയികളുടെ പേരും
f) സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ പരിപാടി അവതരിപ്പിക്കേണ്ടവരുടെ പേരും തീയതിയും
g) മറ്റ് റോഡ് സുരക്ഷാ അറിയിപ്പുകൾ.

**6)ട്രാഫിക് ക്ലബ്ബ് മാസിക.**

ഓരോ സ്കൂളും പ്രത്യേകം പേരിൽ ട്രാഫിക് ക്ലബ്ബ് മാസിക ഓരോ മാസവും തയ്യാറാക്കേണ്ടതാണ്. കൈയ്യെഴുത്തായോ പ്രിന്റിങ് രീതിയിലോ ആവാം. റോഡുമായി ബന്ധപ്പെടുന്ന കാര്യങ്ങൾ കഥകളായും കവിതകളായും മറ്റ് രചനാ രീതിയും ഇതിൽ ഉൾപ്പെടുത്തണം. സ്കൂൾ വിദ്യാർഥികളോടൊപ്പം അദ്ധ്യാപകരുടേയും പ്രമുഖരായ മറ്റുള്ളവരുടേയും രചനകൾ ഇതിൽ ഉണ്ടാവണം.

**ട്രാഫിക് ക്ലബ്ബിന്റെ അംഗങ്ങൾ**

രക്ഷാധികാരി- അതാത് സ്റ്റേഷൻ പരിധിയിലെ എസ്.എച്ച്.ഒ

ചെയർമാൻ- പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ്.

പി.റ്റി.എ പ്രതിനിധി

റോഡ് സേഫ്റ്റി ഓഫീസർ

അസി. റോഡ് സേഫ്റ്റി ഓഫീഗക്ത

**ക്ലബ്ബ് മെമ്പേഴ്സ്.**

മുകളിൽ ചേർത്തിരിക്കുന്ന മാതൃകയിൽ അതാത് സ്കൂളിൽ ട്രാഫിക് ക്ലബ്ബ് രൂപീകരിച്ച് ആയതിന്റെ ഉദ്ഘാടന ദിവസവും സമയവും നിശ്ചയിച്ച് ഈ ഓഫീസിൽ നേരിട്ടോ ഇ.മെയിൽ മുഖാന്തിരമോ (acpcdklm.pol@kerala.gov.in) അറിയിക്കുന്ന മുറയ്ക്ക് ഈ ഓഫീസിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്കൂളിൽ എത്തി വേണ്ട നിർദ്ദേശം നൽകുന്നതായിരിക്കും. നവംബർ മാസം 15-ാം തീയതിയ്ക്ക് മുമ്പ് ട്രാഫിക് ക്ലബ്ബിന്റെ ഉദ്ഘാടന തീയതി നിശ്ചയിച്ച് അറിയിക്കേണ്ടതാണ്. അതോടൊപ്പം ക്ലബ്ബിലെ അംഗങ്ങൾ ആയ കുട്ടികളുടെ പേരും വിവരവും റോഡ് സേഫ്റ്റി ഓഫീസറായ അദ്ധ്യാപകന്റെയും പി.റ്റി.എ പ്രതിനിധി, പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ് എന്നിവരുടെ പേരും ഫോൺ നമ്പരും അടങ്ങുന്ന ലിസ്റ്റും അയച്ച് തരേണ്ടതാണ്.

അസിസ്റ്റന്റ് പോലീസ് കമ്മീഷണർ,
ജില്ലാ ക്രൈം ബ്രാഞ്ച്,
കൊല്ലം സിറ്റി.